# <u>മൺസൂൺ – മുന്നൊരുക്കവുമായി റൂറൽ പോലീസ്</u>

മൺസൂൺ സീസണും, സ്കൂളുകളിൽ പുതിയ അദ്ധ്യായന വർഷം ആരംഭിക്കുന്നതിൻെറയും പശ്ചാത്തലത്തിൽ പോലീസ് ജാഗ്രത പുലർത്തേണ്ട കാര്യങ്ങളെ സംബന്ധിച്ച് ജില്ലാ പോലീസ് ആസ്ഥാനത്തെ കോൺഫ്രറൻസ് ഹാളിൽ ഇന്ന് (13.05.2017) നടന്ന പ്രതിമാസ ക്രൈം കോൺഫറൻസിൽ ജില്ലയിലെ ഡി.വൈ.എസ്.പി മാർ, പോലീസ് ഇൻസ്പെക്ടർ മാർ, സബ്ബ് ഇൻസ്പെക്ടർ മാർ എന്നിവർക്ക് എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി എ.വി.ജോർജ്ജ് ഐ.പി.എസ് കർശന നിർദ്ദേശങ്ങൾ നൽകി.

തങ്ങളുടെ അധികാരപരിധിയിൽ വരുന്ന സ്കൂളുകളിലെ ബസ്സുകളുടെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് പരിശോധിക്കുന്നതിനും, സ്കൂൾ ബസ്സ് ഡ്രൈവർമാരുടെ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് സ്കൂൾ അധികാരികൾ വാങ്ങിയിട്ടുണ്ടെന്നും അതാത് സബ്ബ് ഇൻസ്പെക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്. സ്കൂൾ പി.റ്റി.എ മീറ്റിംങ്ങുകളിൽ സ്ഥലത്തെ സബ്ബ് ഇൻസ്പെക്ടർ മാരും വനിതാ പോലീസ് ഉദ്യോഗസ്ഥയും പങ്കെടുക്കേണ്ടതാണ്. പ്രസ്തുത മീറ്റിംങ്ങുകൾ വിളിച്ചു ചേർക്കുമ്പോൾ സ്കൂൾ അധികാരികൾ സ്ഥലത്തെ സബ്ബ് ഇൻസ്പെക്ടർമാരെ വിവരം അറിയിക്കണമെന്നും ജില്ലാ പോലീസ് മേധാവി അഭ്യർത്ഥിച്ചു. സ്കൂൾ പരിസരങ്ങളിൽ പുകയിലഉൽപന്നങ്ങളുടെയും, മയക്കമരുന്നിൻെറയും വിൽപ്പനയും,ഉപയോഗവും നടക്കാതിരിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥർ ജാഗ്രത പുലർത്തണം. കൂടാതെ സ്കൂൾ പരിസരങ്ങളിൽ അപരിചിതരുടെ സാന്നിധ്യത്തെപറ്റി സ്കൂളുകളിലെ പ്രധാന അദ്ധ്യാപകർ നിരീക്ഷിക്കേണ്ടതാണ് ആയത് സംബന്ധിച്ച് സ്കൂൾ അധികാരികൾക്ക് സബ്ബ് ഇൻസ്പെക്ടർമാർ നോട്ടീസ് നൽകേണ്ടതാണ്. സ്കൂൾ ബസ്സ് ഓടിക്കുന്ന ഡ്രൈവർമാർ മദ്യപിച്ചല്ല വാഹനം ഓടുക്കുന്നതെന്ന് സ്കൂൾ അധികാരികൾ ഉറപ്പു വരുത്തേണ്ടതാണ് വാഹന പരിശോധന സമയത്ത് ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ ഇക്കാര്യം കർശനമായും പരിശോധിക്കേണ്ടതാണ്. സ്കൂൾ പരിസരങ്ങളിൽ റോഡ് മുറിച്ചു കടക്കുന്നതിന് കുട്ടികളെ സഹായിക്കുന്നതിനായി പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്കായി നിയോഗിക്കേണ്ടതാണ്.

മൺസൂൺ കാലത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പോലീസ് കൂടുതൽ ജാഗരൂകരാകണമെന്നും ജില്ലാ പോലീസ് മേധാവി നിർദ്ദേശിച്ചു. വാഹന പരിശോധന സമയത്ത് വാഹനങ്ങളുടെ ടയർ കണ്ടീഷൻ,വെപ്പർ, ബ്രേക്ക് ലൈറ്റ്, ഇൻഡിക്കേറ്റർ, നമ്പർപ്ലേറ്റ് എന്നിവ പരിശോധിക്കണം. മദ്യപിച്ചും,അമിത വേഗതയിലും, അശ്രദ്ധമായും വാഹനം ഓടിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കും. മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ട് വാഹനം ഓടിക്കുന്നവർക്കെതിരെ കേസ്സ് രജിസ്റ്റർ

ചെയ്ത് മൊബൈൽ ഫോൺ ബന്തവസ്സിലെടുക്കും. കൂടാതെ റോഡ് സൈഡിൽ വാഹന ഗതാഗതത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന വിധത്തിൽ സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിനും, അനധികൃത പാർക്കിംഗിനും എതിരെ നടപടികൾ സ്വീകരിക്കുന്നതിനും, അപകടകരമായ അവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനും, ഹംപുകൾ മാർക്ക് ചെയ്യുന്നതിനും ബന്ധപ്പെട്ട അധികാരികൾക്ക് അറിയിപ്പ് നൽകുന്നതിനും വേണ്ട നടപടികൾ സബ്ബ് ഇൻസ്പെക്ടർമാർ സ്വീകരിക്കേണ്ടതാണ്.